(ബി&സി) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് എത്രയും വേഗം കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ

46 (880) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകതൊഴിലാളി പെൻഷൻ ഇപ്പോൾ നൽകുന്നുണ്ടോ ;

(ബി) 2000-മാണ്ട് മാർച്ച് 31 വരെ എത്ര തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 39.50 കോടി രൂപ.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൊടുക്കുന്നതാണ്.

തൊഴിലാളി ക്ഷേമനിധികൾ

47 (881) ശ്രീ. പി. ജെ. ജോയി :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) ഈ ക്ഷേമനിധികളിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) അതാത് രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികളെയും ഇതിനകം ബന്ധപ്പെട്ട ക്ഷേമനിധികളിൽ അംഗങ്ങളായി ചേർക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ 14 തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ;
2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ;
3. കേരള തൊഴിലാളി ക്ഷേമനിധി ;
4. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ;
5. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി ;
6. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി ;
7. കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ;
8. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ;
9. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ;
10. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ;
11. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ;
12. കേരള കർഷക തൊഴിലാളി ക്ഷേമനിധി ;
13. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ;
14. കേരള ഈറ്റ,കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി .

കൂടാതെ, കയർതൊഴിലാളി ക്ഷേമനിധി, ഖാദി തൊഴിലാളി ക്ഷേമനിധി, മത്സ്യ തൊഴിലാളി ക്ഷേമനിധി എന്നിവയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) അതാതു ക്ഷേമനിധി നിയമം/പദ്ധതികളിലെ വ്യവസ്ഥകൾ അനുസരിച്ച് നിർദ്ദിഷ്ട ഫോറത്തിൽ തൊഴിൽ, വയസ്സ് തെളിയിക്കുന്ന രേഖകൾ സഹിതം നിശ്ചയിച്ചിരിക്കുന്ന ഫീസുമായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ് അധികാരികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇവ പരിശോധിച്ച് അംഗത്വം നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) ക്ഷേമനിധികളിൽ സംസ്ഥാന അംഗങ്ങളാകുവാനുള്ള സ്വാതന്ത്ര്യം തൊഴിലാളികൾക്കുള്ളതാണ്. ആയതിനാൽ തൊഴിലാളികളെ നിർബന്ധിച്ച് അംഗങ്ങളാക്കുന്നത് ഉചിതമല്ല.

വ്യാപാരി ക്ഷേമ ബോർഡ്

48 (882) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ-എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യാപാരിക്ഷേമബോർഡിൽ ആകെ എത്ര വ്യാപാരികൾ അംഗങ്ങളായുണ്ട് ;

(ബി) ക്ഷേമ ബോർഡിന് ഏതെല്ലാം ജില്ലകളിലാണ് ഓഫീസുകളുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly